# കേരള സർക്കാർ
# പൊതുപരീക്ഷാ വിഭാഗം

# എൽ.എസ്.എസ് പരീക്ഷ
# ഫെബ്രുവരി - 2024

# വിജ്ഞാപനം

പരീക്ഷാ കമ്മിഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12

നം.ഇ.എക്സ്/എച്ച്-1/48000/2023/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി : 13/12/2023

## വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം - പരീക്ഷാ ഭവൻ - 2023-24 അധ്യയന വർഷത്തെ എൽ.എസ്.എസ് പരീക്ഷ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. G.O (RT) No.105/2011 പൊ.വി.വ. തീയതി 06/01/2011
2. G.O.(RT) No. 5662/2015. തീയതി: 30/11/2015.

മേൽ സൂചനയിലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2023-24 അധ്യയന വർഷത്തെ എൽ.എസ്.എസ് പരീക്ഷ താഴെ പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| എൽ.എസ്.എസ്. | 28/02/2024 | പേപ്പർ I - രാവിലെ 10.15 മുതൽ 12.00 മണി വരെ<br>പേപ്പർ II - ഉച്ചക്ക് 1.15 മുതൽ 3.00 മണി വരെ |

## എൽ.എസ്.എസ് പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ

### I എൽ.എസ്.എസ്. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ്) ഈ അധ്യയന വർഷം നാലാം ക്ലാസ്സിൽ പഠിക്കുന്നവരും രണ്ടാം ടേം പരീക്ഷയിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങൾക്ക് എ ഗ്രേഡ് നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾ ഈ പരീക്ഷയെഴുതാൻ യോഗ്യരാണ്.
- മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രം 'ബി'ഗ്രേഡ് ആയ കുട്ടികൾ ഉപജില്ലാതല കലാ-കായിക-പ്രവൃത്തി പരിചയ ഗണിത സോഷ്യൽസയൻസ് മേളകളിൽ ഏതെങ്കിലും ഇനത്തിൽ 'എ' ഗ്രേഡോ ഒന്നാം സ്ഥാനമോ നേടിയിട്ടുണ്ടെങ്കിൽ അവർക്കും പരീക്ഷ എഴുതാവുന്നതാണ്.
- ഈ പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് അടയ്ക്കേണ്ടതില്ല. അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർ ഓൺലൈനായി 12/01/2024 മുതൽ 22/01/2024 വരെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 1. പരീക്ഷയുടെ സിലബസും സ്വഭാവവും

- എൽ.എസ്.എസ് പരീക്ഷയ്ക്ക് 2023 - 24 അധ്യയനവർഷത്തെ നാലാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

- നാലാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠനനേട്ടങ്ങൾ ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങളാണ് എൽ.എസ്.എസ് പരീക്ഷയ്ക്ക് ഉണ്ടായിരിക്കുക.

- ❖ വിശദമായ ഉത്തരം എഴുതേണ്ട ചോദ്യങ്ങളും ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതേണ്ട ചോദ്യങ്ങളും ഉണ്ടായിരിക്കും.
- ❖ ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ട വയും ഉയർന്ന ശേഷികൾക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കും

  - അറിവിന്റെ സ്വാംശീകരണം
  - അറിവിന്റെ പ്രയോഗം
  - വിശകലനാത്മകത
  - വിലയിരുത്തൽ/ നിലപാട് സ്വീകരിക്കൽ
  - സൃഷ്ടിപരത

## 2. പരീക്ഷയുടെ ഘടന

എൽ.എസ്.എസ് പരീക്ഷയ്ക്ക് രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ഓരോന്നിന്റേയും ദൈർഘ്യം ഒന്നര മണിക്കൂറാണ്.

**പേപ്പർ (1)**

| | | | | |
|---|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (മലയാളം/കന്നഡ/തമിഴ്) | - | 20 സ്കോർ |
| പാർട്ട് (ബി) | : | ഇംഗ്ലീഷ് | - | 10 സ്കോർ |
| പാർട്ട് (സി) | : | പൊതുവിജ്ഞാനം | - | 10 സ്കോർ |
| | | **ആകെ സ്കോർ** | : | **40** |

**പേപ്പർ (2)**

| | | | | |
|---|---|---|---|---|
| പാർട്ട് (എ) | : | പരിസരപഠനം | - | 20 സ്കോർ |
| പാർട്ട് (ബി) | : | ഗണിതം | - | 20 സ്കോർ |
| | | **ആകെ സ്കോർ** | : | **40** |

എൽ.എസ്.എസ് പരീക്ഷയുടെ ഓരോ പേപ്പറും (പേപ്പർ 1 & പേപ്പർ 2) ബുക്ക്ലെറ്റ് രൂപത്തിൽ ആയിരിക്കും. റോൾ നമ്പർ, നിർദ്ദേശങ്ങൾ മുതലായവ അടങ്ങുന്ന ആദ്യ പേജ് പ്രത്യേകമായി ഉണ്ടാകും. തുടർന്നുള്ള പേജുകളിൽ ചോദ്യങ്ങളും ഓരോ ചോദ്യത്തിനും തൊട്ടുതാഴെ ഉത്തരം എഴുതാനുള്ള സ്ഥലവും ഉണ്ടാകും. ബഹുവികൽപ്പ (Multiple Choice) ചോദ്യങ്ങൾ, ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതേണ്ടവ, വിശദമായി ഉത്തരം എഴുതേണ്ടവ, ചോദ്യക്കൂട്ടങ്ങൾ എന്നിങ്ങനെ ചോദ്യങ്ങൾ ഉണ്ടാകും. വിശദമായി ഉത്തരം എഴുതേണ്ട ചോദ്യങ്ങൾക്ക് 5 സ്കോറും വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് 1 സ്കോറും ആയിരിക്കും. 5 സ്കോർ നൽകുന്ന ചോദ്യങ്ങൾക്ക് 1 മുതൽ 5 വരെ സ്കോറുകൾ നൽകേണ്ടത് എങ്ങനെ എന്ന് വിശദമാക്കുന്ന മൂല്യനിർണയസൂചകങ്ങൾ നൽകിയിട്ടുണ്ടാകും.

## 3. പരീക്ഷയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ

- ➢ പേപ്പർ 1 ലെ പാർട്ട് A-ഒന്നാം ഭാഷയിൽ വിശദമായി ഉത്തരം എഴുതേണ്ട 2 ചോദ്യങ്ങളും **(2 × 5 = 10 സ്കോർ)**, ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരം എഴുതേണ്ട 10 ചോദ്യങ്ങളും **(10 × 1 = 10 സ്കോർ)** ഉണ്ടായിരിക്കും. (ഇതിൽ 5 ചോദ്യങ്ങൾക്ക് ബഹുത്തരമാതൃക ഉണ്ടാ യിരിക്കും).
- ➢ പേപ്പർ 1-ലെ പാർട്ട് B - ഇംഗ്ലീഷിൽ 5 സ്കോർ വീതമുള്ള 2 ചോദ്യമാണ് (2 × 5 = 10 സ്കോർ) ഉണ്ടായിരിക്കുക. ഈ ചോദ്യത്തിൽ 3 ഉപചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടാ കും. ഇതിൽ ആദ്യത്തെ രണ്ടെണ്ണം 1 സ്കോർ വീതമുള്ള വസ്തുനിഷ്ഠ ചോദ്യങ്ങളായിരി ക്കും. മൂന്നാമത്തേത് ഒരു ഭാഷാവ്യവഹാരരൂപം എഴുതാനുള്ളതുമായിരിക്കും. 3 സ്കോർ നൽകുന്ന ചോദ്യത്തിന് 1 മുതൽ 3 വരെ സ്കോർ ലഭിക്കാനുള്ള മാനദണ്ഡം നിർദ്ദേ ശിച്ചിട്ടുണ്ടാകും.

- പാർട്ട് 1 ലെ പാർട്ട് C പൊതുവിജ്ഞാനത്തിൽ ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ട 10 ചോദ്യങ്ങൾ (10 × 1 = 10 സ്കോർ) ഉണ്ടാകും.
- പേപ്പർ 2 ലെ പാർട്ട് A – പരിസരപഠനത്തിൽ വിശദമായി ഉത്തരം എഴുതേണ്ട 2 ചോദ്യങ്ങളും (2× 5 = 10 സ്കോർ) ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരം എഴുതേണ്ട 10 ചോദ്യങ്ങളും (10 × 1 = 10 സ്കോർ) ഉണ്ടായിരിക്കും.
- പേപ്പർ 2 പാർട്ട് B – ഗണിതത്തിൽ വിശദമായി ഉത്തരം എഴുതേണ്ട 2 ചോദ്യങ്ങൾ (2 × 5 = 10 സ്കോർ) വേണം. ഇവ പ്രശ്നാപഗ്രഥനം നടത്തി ക്രിയ ചെയ്ത് ഒറ്റ വാക്കിൽ/ വാക്യത്തിൽ ഉത്തരം എഴുതേണ്ട 10 ചോദ്യങ്ങളും (10 × 1 = 10 സ്കോർ) ഉണ്ടായിരിക്കും.
- പേപ്പർ 2 ന്റെ ആകെ സ്കോർ (20 + 20 = 40 ഉം ദൈർഘ്യം 1 ½ മണിക്കൂറും ആയിരിക്കും.
- പരീക്ഷ പേപ്പർ **1** രാവിലെ 10.15 മുതൽ 12.00 മണിവരെയും പേപ്പർ 2 ഉച്ചയ്ക്ക് ശേഷം 1.15 മണി മുതൽ 3.00 വരെയും ആയിരിക്കും. ഇതിൽ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- പരീക്ഷയുടെ ഘടന സംബന്ധിക്കുന്ന പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്.
- ഗണിതവിഭാഗത്തിൽ പ്രശ്നനിർദ്ധാരണത്തിനുള്ള ചോദ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. യുക്തിചിന്ത, മാനസികശേഷി എന്നിവ വിലയിരുത്താനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.
- പൊതുവിജ്ഞാനവിഭാഗത്തിൽ വിവിധ വിഷയങ്ങളുമായി (കലാ-ആരോഗ്യ-കായിക-പ്രവൃത്തിപഠനം ഉൾപ്പെടെ) ബന്ധപ്പെടുത്തിയുള്ള അനുബന്ധ വായനസാമഗ്രികൾ, തുടർപ്രവർത്തന സാധ്യതകൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങൾ ഉണ്ടാകും.

## 4. പരീക്ഷാകേന്ദ്രം

- ഓരോ ഗ്രാമപഞ്ചായത്തിലും ഒരു പരീക്ഷാകേന്ദ്രം ഉണ്ടായിരിക്കും. എന്നാൽ ഒരു കേന്ദ്രത്തിൽ 120 ൽ കൂടുതൽ കുട്ടികൾ പരീക്ഷ എഴുതാനുണ്ടെങ്കിൽ ആ ഗ്രാമപ്പഞ്ചായത്തിൽ മറ്റൊരു കേന്ദ്രം കൂടി അനുവദിക്കും. പരീക്ഷാകേന്ദ്രത്തിന്റെ തിരഞ്ഞെടുപ്പ്, പരീക്ഷാകേന്ദ്രത്തിന്റെ ചീഫ്, ഡെപ്യൂട്ടി ചീഫ്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം തുടങ്ങിയവ എ.ഇ.ഒ-യുടെ ചുമതല ആയിരിക്കും. (എ.ഇ.ഒ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം). നഗര പ്രദേശങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കേന്ദ്രങ്ങൾ ക്രമീകരിക്കും. പരീക്ഷാരജിസ്ട്രേഷൻ നടപടികൾ പൂർത്തിയായതിനുശേഷം പരീക്ഷാകേന്ദ്രങ്ങൾ മാറ്റുന്നതിനുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- ഒരു പരീക്ഷാഹാളിൽ 20 കുട്ടികൾ വീതം എന്ന രീതിയിലാവണം റൂമുകൾ ക്രമീകരിക്കേണ്ടത്.
- ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകേന്ദ്രമായ സ്കൂളിലെ ഹെഡ്മാസ്റ്ററായിരിക്കണം ചീഫ് സൂപ്രണ്ട്. അടുത്ത ഗ്രാമപഞ്ചായത്തിലുള്ള മറ്റൊരു വിദ്യാലയത്തിലെ (എൽ.പി. സ്കൂൾ) ഹെഡ്മാസ്റ്ററായിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്. മുനിസിപ്പൽ/

കോർപ്പറേഷൻ പ്രദേശങ്ങളിൽ സമാന രീതിയിൽ കേന്ദ്രങ്ങൾ കണ്ടെത്തി അനുബന്ധകാര്യങ്ങൾ നിർവഹിക്കണം.

- ഇൻവിജിലേറ്റർമാരായി നിയോഗിക്കേണ്ടത് തൊട്ടടുത്ത ഗ്രാമപപ്പഞ്ചായത്തിലെ ലോവർ പ്രൈമറി ക്ലാസ്സിൽ പഠിപ്പിക്കുന്ന അധ്യാപകരെ ആയിരിക്കണം.

## 5. ചോദ്യപേപ്പർ തയാറാക്കലും വിതരണവും

എൽ.എസ്.എസ് പരീക്ഷയുടെ ചോദ്യപേപ്പർ തയാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം/ഇംഗ്ലീഷ്/ തമിഴ്/കന്നഡ എന്നീ നാല് പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 6. പരീക്ഷാസമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് റവന്യൂ ജില്ലാതലത്തിലും ഉപജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. റവന്യൂ ജില്ലാതലത്തിൽ ഡി.ഡി.ഇ. (ചെയർമാൻ), ഡയറ്റ് പ്രൻസിപ്പൽ (കൺവീനർ), സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ)-ഡി.പി.ഒ.(മെമ്പർ), ഡി.ഇ.ഒ.-മാർ(മെമ്പർ) എന്നിവരും ഉപജില്ലാതലത്തിൽ എ.ഇ.ഒ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ.-സമഗ്ര ശിക്ഷാ കേരള (മെമ്പർ) എന്നിവരുമടങ്ങിയ സമിതി ഉണ്ടായിരിക്കണം.

ഈ സമിതി ബഹു.പരീക്ഷാകമ്മീഷണറുടേയും പരീക്ഷാസെക്രട്ടറിയുടേയും നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം. ഉപജില്ലാതലത്തിൽ പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം തുടങ്ങിയവ എ.ഇ.ഒ.മാരുടെ ചുമതലയായിരിക്കും. കൂടാതെ അക്കാദമിക് വിഷയങ്ങൾ ഡയറ്റിന്റെ പിന്തുണ പാലിച്ചുകൊണ്ടായിരിക്കണം നടത്തേണ്ടത്.

## 7. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം.

പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമിക്കേണ്ടതാണ്. പ്രൈമറി അദ്ധ്യാപകരെയും ഹൈസ്കൂളുകളുടെ ഭാഗമായ പ്രൈമറിയിലെ അധ്യാപകരിൽ ഇൻവിജിലേറ്ററാകാൻ താൽപ്പര്യമുള്ളവരേയും ഇൻവിജിലേറ്റർമാരായി പരിഗണിക്കേണ്ടതാണ്. നിയമനം നൽകുമ്പോൾ പഞ്ചായത്ത്/വാർഡ് മാറ്റി നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എൽ.എസ്.എസ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്റർ ചീഫ് സൂപ്രണ്ട് ആയിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ അടുത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ/നഗരപ്രദേശത്തെ വിദ്യാലയങ്ങളിലെ അധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാകേന്ദ്രത്തിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിക്കുന്നതിന് മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ചീഫ് സൂപ്രണ്ട് ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## 8. മൂല്യനിർണയം

- മൂല്യനിർണയപ്രവർത്തനങ്ങൾ ഡി.ഇ.ഒ അടിസ്ഥാനത്തിൽ ഉപജില്ല മാറ്റി നൽകേണ്ടതാണ്. ഒരു ഉപജില്ലയിലെ ഉത്തരപേപ്പറുകൾ തൊട്ടടുത്ത മറ്റൊരു ഉപജില്ലയിൽ മൂല്യനിർണയം നടത്തത്തക്ക വിധത്തിലുള്ള ക്രമീകരണം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തേണ്ടതാണ്. ഏതു ഉപജില്ലയിലാണോ മൂല്യനിർണയം നടത്താൻ നൽകുന്നത് പ്രസ്തുത ഉപജില്ലയിലെ അധ്യാപകരെ മൂല്യനിർണയത്തിന് നിയോഗിക്കേണ്ടതാണ്. മൂല്യനിർണയം ഉപജില്ലാതല പരീക്ഷാസമിതിയുടെ ചുമതലയിൽ രഹസ്യ സ്വഭാവത്തോടെ നടത്തേണ്ടതാണ്.

- മൂല്യ നിർണയകേന്ദ്രത്തിലെ ഹെഡ്മാസ്റ്ററെ ക്യാമ്പ് ഓഫീസറായി നിയമിക്കണം. എക്സാമിനർമാരിൽ സീനിയറായ അദ്ധ്യാപകനെ ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറായി നിയമിക്കണം.

- 10 അസിസ്റ്റന്റ് എക്സാമിനർമാർക്ക് ഒരു ചീഫ് എക്സാമിനർ എന്ന ക്രമത്തിൽ ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എക്സാമിനർമാർ ഒരു ദിവസം 10 പേപ്പർ (പേപ്പർ-I/പേപ്പർ-II) മൂല്യ നിർണയം നടത്തണം. അസിസ്റ്റന്റ് എക്സാമിനർമാർ വിലയിരുത്തുന്ന ഉത്തരക്കടലാസുകളുടെ 5% ഉത്തരക്കടലാസുകൾ ചീഫ് എക്സാമിനർ പരിശോധിക്കണം. ചീഫ് എക്സാമിനർ പരിശോധിച്ച പേപ്പറുകളിൽ അക്കാര്യം എഴുതി ഇനീഷ്യൽ രേഖപ്പെടുത്തണം.

- പരിശോധിക്കുന്ന ഉത്തരക്കടലാസുകളുടെ സ്കോർഷീറ്റ്, എസ്.എസ്.എൽ.സി മൂല്യ നിർണയ ക്യാമ്പിൽ ചെയ്യുന്നതുപോലെ അതതു മുറിയിൽ വച്ച് അസിസ്റ്റന്റ് എക്സാമിനർ തന്നെ തയാറാക്കണം. ഇത് പരിശോധിച്ച് ചീഫ് എക്സാമിനർ ഏറ്റുവാങ്ങി ക്യാമ്പ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. സ്കോർ ഷീറ്റ് അസിസ്റ്റന്റ് എക്സാമിനർ ഒപ്പിടുകയും ചീഫ് എക്സാമിനർ ശരിയാണെന്ന് ഉറപ്പുവരുത്തി ഒപ്പിടുകയും വേണം. സ്കോർ ഷീറ്റിന്റെ മാതൃക പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്.

## 9. ഡാറ്റാ എൻട്രി

ഉപജില്ലാ തലത്തിൽ വിലയിരുത്തൽ നടത്തുന്നതിനാൽ സ്കോറുകളുടെ ഡാറ്റാ എൻട്രി മൂല്യനിർണ്ണയ കേന്ദ്രത്തിൽ തന്നെ എ.ഇ.ഒ.യുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഡാറ്റാ എൻട്രി നടത്തുന്നതിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സഹായം സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന കുട്ടികളുടെ സ്കോറുകൾ അപ്‌ലോഡ് ചെയ്ത് പരീക്ഷാഭവനിലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്. ഇത് രഹസ്യമായി നടക്കുന്നുവെന്ന് പരീക്ഷാസമിതി ഉറപ്പു വരുത്തണം. സ്കോറുകൾ അപ്‌ലോഡ് ചെയ്യുന്നതിനു മുൻപ് പരിശോധിച്ച് സ്കോറുകൾ ശരിയാണെന്ന് എ.ഇ.ഒ. ഉറപ്പു വരുത്തണം. ആയതിന് ശേഷം സ്കോർഷീറ്റുകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. തുടർന്ന് പരീക്ഷാഭവൻ പ്രതിനിധികൾ സ്കോർഷീറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്നതാണ്.

## 10. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യത

രണ്ടു പേപ്പറിനും കൂടി 60 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്നവർ സ്കോളർഷിപ്പിന് അർഹത നേടുന്നതാണ്. ഉപജില്ലയിൽ എസ്.സി., എസ്.ടി., ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ട കുട്ടികളിൽ ആർക്കും തന്നെ നിശ്ചിത സ്കോർ ലഭിക്കുന്നില്ലെങ്കിൽ ഈ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ ഓരോ കുട്ടിയെ വീതം സ്കോളർഷിപ്പിന് പരിഗണിക്കണം (ഇവർ കുറഞ്ഞത് 50% സ്കോർ എങ്കിലും നേടിയിരിക്കണം.)

## 11. ഫലപ്രഖ്യാപനം.

ഉപജില്ലകളിൽ നിന്നു ലഭിക്കുന്ന സ്കോർ പരിശോധിച്ചശേഷം ഉപജില്ല തിരിച്ച് പരീക്ഷാഭവൻ ഫലപ്രഖ്യാപനം നടത്തുന്നതാണ്.

## 12. പുനർമൂല്യനിർണ്ണയം

എൽ.എസ്.എസ് പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ താൽപര്യമുള്ള പരീക്ഷാർത്ഥികൾ പരീക്ഷാഫലം പ്രഖ്യാപിച്ച് 7 ദിവസത്തിനകം ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന പ്രിന്റൗട്ടും പേപ്പർ ഒന്നിന് നൂറ് രൂപ നിരക്കിൽ ഫീസും സഹിതം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണയ ഫലത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുക മടക്കി നൽകേണ്ടതും ബാക്കി തുക പരീക്ഷാ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് **സൂപ്രണ്ട് എ സെക്ഷൻ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം – 12** എന്ന വിലാസത്തിൽ അയച്ചുനൽകേണ്ടതുമാണ്. പേപ്പർ I നും പേപ്പർ II നും ഒരുമിച്ചോ പ്രത്യേകമായോ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

## 12. സർട്ടിഫിക്കറ്റ്., സ്കോളർഷിപ്പ് തുക എന്നിവയുടെ വിതരണം.

എൽ.എസ്.എസ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്. സ്കോളർഷിപ്പ് തുക അടുത്ത അധ്യയനവർഷം മുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെല്ലിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

## 14. പൊതുനിർദ്ദേശങ്ങൾ

- പരീക്ഷയുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഡയറ്റ് മുഖേന പ്രധാനാധ്യാപകർക്ക് പരിശീലനം നൽകണം.
- പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ പരീക്ഷാഭവൻ തയാറാക്കി നൽകുന്നതാണ്.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസവും മൂല്യനിർണയം നടത്തുന്ന ദിവസവും അതതു കേന്ദ്രങ്ങളിൽ പരീക്ഷാസമിതിയുടെ സാന്നിധ്യം ഉറപ്പാക്കണം.
- ജില്ലാതല പരീക്ഷാ സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങളും നടത്തേണ്ടത്.

***പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.***

# അനുബന്ധം

## എൽ.എസ്.എസ്.പരീക്ഷ – ഘടന

| നമ്പർ | പേപ്പർ | സമയം | വിഷയ വിശദാംശങ്ങൾ | ചോദ്യ വിശദാംശങ്ങൾ | സ്കോർ വിശദാംശങ്ങൾ | സ്കോർ |
|---|---|---|---|---|---|---|
| 1 | പേപ്പർ 1 | $1\frac{1}{2}$ മണിക്കൂർ | പാർട്ട് (എ) : ഒന്നാം ഭാഷ (മലയാളം/കന്നഡ/തമിഴ്) | വസ്തുനിഷ്ഠ രീതി (1 സ്കോർ) 10 ചോദ്യങ്ങൾ<br>വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | $10 \times 1 = 10$<br>$2 \times 5 = 10$ | 20 |
| | | | പാർട്ട് (ബി) : ഇംഗ്ലീഷ് | വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | $2 \times 5 = 10$ | 10 |
| | | | പാർട്ട് (സി): പൊതുവിജ്ഞാനം | വസ്തുനിഷ്ഠ രീതി (1 സ്കോർ) 10 ചോദ്യങ്ങൾ | $10 \times 1 = 10$ | 10 |
| | | | | ആകെ ചോദ്യങ്ങൾ: 24 | ആകെ സ്കോർ | 40 |
| 2 | പേപ്പർ 2 | $1\frac{1}{2}$ മണിക്കൂർ | പാർട്ട് (എ):പരിസരപഠനം | വസ്തുനിഷ്ഠ രീതി (1 സ്കോർ) 10 ചോദ്യങ്ങൾ<br>വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | $10 \times 1 = 10$<br>$2 \times 5 = 10$ | 20 |
| | | | പാർട്ട് (ബി) : ഗണിതം | വസ്തുനിഷ്ഠ രീതി (1 സ്കോർ) 10 ചോദ്യങ്ങൾ<br>വിവരണാത്മകരീതി (5 സ്കോർ) 2 ചോദ്യങ്ങൾ | $10 \times 1 = 10$<br>$2 \times 5 = 10$ | 20 |
| | | | | ആകെ ചോദ്യങ്ങൾ: 24 | ആകെ സ്കോർ | 40 |

# <u>എൽ.എസ്.എസ് പരീക്ഷയുടെ പ്രവർത്തന കലണ്ടർ</u>

| ക്രമ. നം. | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1. | പരീക്ഷാഭവനിൽ നിന്നും വെബ്സൈറ്റ് ആക്ടീവ് ആക്കുന്ന തീയതി | 03/01/2024 |
| 2. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വെബ്സൈറ്റ് സജ്ജമാക്കേണ്ട അവസാന തീയതി | 10/01/2024 |
| 3. | സ്കൂൾ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | 12/01/2024 |
| 4. | രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട തീയതി | 22/01/2024 |
| 5. | പരീക്ഷാർത്ഥികളുടെ അന്തിമ പട്ടിക എ.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ട തീയതി | 23/01/2024 |
| 6. | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 01/02/2024 |
| 7. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 08/02/2024 |
| 8. | പ്രധാനാധ്യാപകൻ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട അവസാന തീയതി | 09/02/2024 |
| 9. | എൽ.എസ്.എസ്, സ്കോളർഷിപ്പ് പരീക്ഷയുടെ തീയതി | 28/02/2024 |

**പരീക്ഷാ കമ്മിഷണർ**